**കവിത 1**

**<u>ടെഡ് ടോക്ക്</u>**

ജീവിതത്തിൽ

വലിയ ഉയരങ്ങൾകീഴടക്കിയവളാണ് ഞാൻ..

വലിയ വലിയ വിജയങ്ങൾ കൈയ്യടക്കിയവൾ..

എനിക്കുള്ളതെല്ലാം വലുതാണ്.

വലിയ വീടുകൾ...

വലിയ വലിയ കാറുകൾ..

അതിലും വലിയ മൊട്ടുസൂചികൾ.

വലുതുകൾക്കുള്ള എന്റെ തന്ത്രം ചെറുതാണ്.

"ചെറുതാക്കൽ..!"

ചെറുതാക്കി ചെറുതാക്കി

വലുതാവുന്ന തന്ത്രം

പണ്ടേ പയറ്റി തെളിഞ്ഞത്.

അമ്മ അനിയനെ പെറ്റപ്പോ

അവനെന്നേക്കാൾ നിറം കുറവെന്ന് മാർക്ക്ഷീറ്റ്

വന്നപ്പോ അവൾക്കെന്നെക്കാൾ മാർക്ക് കുറവെന്ന്,

ജോലിയിൽ

അയാൾക്കെന്നേക്കാൾ പരിചയക്കുറവെന്ന്,

ഞാൻ വലുതായിക്കൊണ്ടേയിരുന്നു.

അങ്ങനെ,

ചെറുതാക്കലിനും വലുതാക്കലിനുമിടയിലെ

സമാന്തര ജീവിതകാലത്താണ്

ചെറുതാക്കി ചെറുതാക്കി

വലുതാക്കുന്നതൊരു തൊഴിലാക്കുന്നത്.

ഒരുപാട് വലുതിനെ

ചെറുതാക്കി ചെറുതാക്കി

ഒരുപാട് ചെറുതിനെ

വലുതാക്കി വലുതാക്കി

ഞാൻ ശരിക്കും വലുതായി.

അപ്പോൾ,

വലിയ എന്നെ തേടിയവരെത്തി.

ചെറിയൊരു രാജാവിനെ

വലിയൊരു രാജാവാക്കണം.

അതിന്,

വലിയ രാജാവിനെ ചെറുതാക്കണം!

വലിയരാജാവിനെ ശരിക്കും വലുതാക്കിയത്

ഒരു കിഴവനാണ്.

അയാൾ ചാവാൻ നേരത്തും

ഹേ .. രാജാവേന്ന് കരഞ്ഞു.. !

ഞാനയാളുടെ ചാവിനെതന്നെ ചെറുതാക്കി

ചെറുതാക്കി

ഇല്ലാണ്ടാക്കി.

എന്നിട്ട്,

നമ്മുടെ വലിയ രാജാവിനെ ചെറുതാക്കി.

ബാലലീലകളാടുന്ന ഒരു കുഞ്ഞിനോളം ചെറുത്.

അപ്പോൾ,

നമ്മുടെ ചെറിയ രാജാവ്

വലുതായി.

വലുതായ രാജാവ്

ചെറുതായ രാജാവിനൊരമ്പലം കെട്ടി.

അങ്ങനെ വീണ്ടും വലുതായി.

വീണ്ടും വീണ്ടും വലുതാവലാണ് രാജാവിന്റെ

ആവശ്യം.

വീണ്ടും വീണ്ടും ചെറുതാക്കി

ഞാനത് നിറവേറ്റുന്നു.

ചെറുതാക്കലാണല്ലോ

വലിയ ജീവിതങ്ങളുടെ

ചെറിയ രഹസ്യം.

***– ദിവ്യ ആർ.***